# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം

നമ്പർ : 146. 14..6..2013-ൽ മറുപടിക്ക്

## ക്ഷീരകാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി നിലവിലുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. എൻ. ജയരാജ്;<br>ശ്രീ. റോഷി അഗസ്റ്റിൻ;<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ;<br>ശ്രീ. പി.സി. ജോർജ്ജ്: | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി സർക്കാർ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | (എ) ക്ഷീരകാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ താഴെപ്പറയുന്നു.<br>1. ഗ്രാമീണ വിജ്ഞാപന വ്യാപന പ്രവർത്തനങ്ങളും ഉപദേശക സർവ്വീസും.<br>2. തീറ്റപ്പുൽ കൃഷി വികസന പദ്ധതി.<br>3. കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി.<br>4. ക്ഷീരസഹകരണ സംഘങ്ങളുടെ നവീകരണം.<br>5. മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം. |

(ബി) ക്ഷീരസംഘങ്ങൾ മുഖേന നടപ്പാക്കി വരുന്ന 'മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി', 'തീറ്റപ്പുൽകൃഷി വികസന പദ്ധതി' എന്നിവ എത്രത്തോളം വിജയകരമായി നടപ്പിലാക്കുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) 'മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി', 'തീറ്റപ്പുൽകൃഷി വികസന പദ്ധതി' എന്നിവ ക്ഷീരവികസനവകുപ്പ് വഴി വിജയകരമായി നടപ്പിലാക്കിവരുന്ന പദ്ധതികളാണ്.

സംസ്ഥാനത്ത് കുറഞ്ഞുകൊണ്ടിരിക്കുന്ന കാലിസമ്പത്ത് ഒരു പരിധി വരെ പിടിച്ചു നിറുത്തുകയും സബ്സിഡി നിരക്കിൽ പശു/കിടാരികളെ വിതരണം നടത്തുക വഴി കൂടുതൽ പേരെ ഈ രംഗത്തേക്ക് ആകർഷിക്കുകയുമാണ് മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

തീറ്റച്ചെലവ് കുറയ്ക്കുന്നതിന് കർഷകരെ സഹായിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് കർഷകർക്ക് തീറ്റപ്പുൽകൃഷി നടത്തുന്നതിന് പ്രോത്സാഹനമായി ധനസഹായം ലഭ്യമാക്കുകയാണ് തീറ്റപ്പുൽ കൃഷി വികസന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

തീറ്റപ്പുൽ കൃഷി വികസന പദ്ധതി, മിൽക്ക്ഷെഡ് ഡെവപ്മെന്റ് പദ്ധതി എന്നീ പദ്ധതികളുടെ നടത്തിപ്പ് വിലയിരുത്തിയതിൽ, സംസ്ഥാനത്തെ പാൽ ഉൽപാദനം 2010-11 ൽ 26.43 എൽ.എം.ടി. ആയിരുന്നത് 2011-12 ൽ 27.16 എൽ.എം.ടി. ആയി വർദ്ധിച്ചിട്ടുണ്ട്. 2011-12, 2012-13 വർഷങ്ങളിലായി 6000 ഹെക്ടർ പ്രദേശത്തുകൂടി തീറ്റപ്പുൽ കൃഷി വ്യാപിപ്പിച്ചതിലൂടെ 12 ലക്ഷം ടൺ തീറ്റപ്പുൽ ഉല്പാദിപ്പിച്ച് കർഷകർക്ക് നല്കുന്നതിനും, അതുവഴി തീറ്റച്ചെലവ് ഗണ്യമായി കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(സി) തീറ്റപ്പുല്ലിന്റെ ലഭ്യത സംബന്ധിച്ച് ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന പ്രതിസന്ധിക്ക് എന്തെല്ലാം പരിഹാര നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) തീറ്റപ്പുല്ലിന്റെ കുറവ് പരിഹരിക്കുവാൻ കർഷകർക്ക് തീറ്റപ്പുൽകൃഷി ചെയ്യുന്നതിനാവശ്യമായ പുൽക്കടകൾ സൗജന്യമായി വിതരണം ചെയ്യുന്നു. കൂടാതെ കൃഷി ച്ചെലവിനാവശ്യമായ സബ്സിഡിയും കർഷകർക്ക് നല്കിവരുന്നു. മക്കച്ചോളം, വൻപയർ, മണിച്ചോളം തുടങ്ങിയ ഹ്രസ്വകാലവിള വിത്തുകളും കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്.

തീറ്റപ്പുൽ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് അസോള യൂണിറ്റുകൾ ആരംഭിക്കുന്നതിനും ധനസഹായം അനുവദിക്കുന്നു. ഇതിനു പുറമെ നിലവിലുള്ള തീറ്റപ്പുൽ കൃഷി ഫാമുകളിൽ യന്ത്രവൽക്കരണം നടത്തുന്നതിനും ജലസേചന സൗകര്യങ്ങൾ ഒരുക്കുന്നതിനും ധനസഹായം നല്കുന്നതിലൂടെ നിലവിലുള്ള ഫാമുകൾ തുടർന്നും നിലനിർത്തുന്നതിന് സാധിക്കുന്നു. പച്ചപ്പുൽ ലഭ്യത കുറവുള്ള സമയത്ത് ഉപയോഗിക്കുന്നതിനായി സംഘങ്ങൾ വഴി ഉണക്കപ്പുല്ല്, വയ്ക്കോൽ തുടങ്ങിയവ ലഭ്യമാക്കുന്നതിനും വകുപ്പ് ധനസഹായം നല്കുന്നു.

(ഡി) 'ഫോഡർഫാമുകൾ' എവിടെയെല്ലാം പ്രവർത്തിക്കുന്നു; ആയത് കൂടുതൽ ഇടങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

(ഡി) നിലവിൽ വലിയതുറ സ്വീവേജ് ഫാമിൽ വകുപ്പ് "ഫോഡർഫാം" നടത്തി വരുന്നുണ്ട്.

കൂടുതൽ ഇടങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ നിലവിൽ പദ്ധതികളില്ല.

സെക്ഷൻ ഓഫീസർ.